കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ഇട്ടിവ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

കെ.എസ്.എ.കെ.എൽ.എം/3/1390/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

തീയതി- 12.9.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1.ഡയറക്ടർ, കേരള സംസ്ഥാ ഓഡിറ്റ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3.കാര്യാലയ പകർപ്പ്

കെ.എസ്.എ/.എൽ.എം/.3/1390/18 തീയതി-12.09.2018

**കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2017 മുതൽ 30.06.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സജി,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3.7.2018 മുതൽ<br>9.7.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സൈമൺ.കെ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ചന്ദ്രപ്രകാശ്.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജയകുമാരിഅമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജയേഷ്.ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | നൗഷാദ് | 1.4.2017 മുതൽ<br>31.3.2018 വരെ |
| സെക്രട്ടറി | എ.രാജേശ്വരൻ പിള്ള<br>അസി.സെക്രട്ടറി | 1.4.2017 മുതൽ<br>2.4.2017 വരെ |
| | ജി.ശിവജി പിള്ള | 3.4.2017 മുതൽ<br>22.6.2017 വരെ |
| | സബിത.യു, അസി.സെക്രട്ടറി | 23.6.2017 |
| | പ്രഭാകരൻപിള്ള.ജി | 24.6.2017 മുതൽ<br>31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | നസീം | 1.4.2017 മുതൽ<br>31.3.2018. വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | അനുപമ | 1.4.2017 മുതൽ<br>5.10.2017 FN വരെ |
| | അജി.കെ | 5.10.2017 AN. മുതൽ<br>31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ആശ.സി.പി | 1.4.2017 മുതൽ<br>31.3.2018 വരെ |
| വെറ്ററിനറി സർജൻ | സുലേഖ മജീദ് | 1.4.2017 മുതൽ<br>31.3.2018 വരെ |
| അസി.സെക്രട്ടറി | എ.രാജേശ്വരൻ പിള്ള | 1.4.2017 മുതൽ<br>14.6.2017. വരെ |
| | സബിത.യു | 15.6.2017 മുതൽ<br>31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ബൃന്ദ.എസ് | 1.4.2017 മുതൽ<br>18.8.2017 വരെ |
| | അനീസാറാണി | 19.8.2017 മുതൽ |

| | | |
|---|---|---|
| | | 30.11.2017 വരെ |
| | ചിത്രകുമാരി | 1.12.2017 മുതൽ 31.3.2018. വരെ |
| വി.ഇ.ഒ | നജ്മിന്നിസ | 1.4.2017 മുതൽ 31.3.2018 വരെ |
| | സൂസൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സഫീർ | 01.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. അൻവർ | 1.4.2017 മുതൽ 31.12.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മായ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സീമ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | എം.സൂധാദേവി | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല | 2-1 |
| 14 | തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| | ഭാഗം 3 | |
| 15 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല | 3-1 |
| 16 | വളർത്തു മൃഗങ്ങൾക്കും ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല. | 3-2 |
| 17 | കോട്ടക്കൽ വനിതാ തൊഴിൽശാലകെട്ടിടം പുനരുദ്ധാരണം- രേഖകളുടെ അഭാവത്തിൽ 194180 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 3-3 |
| 18 | വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം -നടപ്പാക്കിയതിൽ അപാകതകൾ | 3-4 |
| 19 | ആശുപത്രികൾക്ക് മരുന്നു വാങ്ങൽ -തുക നൽകി-മരുന്നു ലഭ്യമായിട്ടില്ല. | 3-5 |
| 20 | മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 21 | ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 3-7 |
| 22 | ഉപകരണങ്ങൾ വാങ്ങൽ-ക്വോട്ടു ചെയ്ത നിരക്കിലും അധികം നൽകി. | 3-8 |
| 23 | പദ്ധതി ആസൂത്രണവും മോണിറ്ററിംഗും - വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും 2 | 3-9 |
| | ഭാഗം -4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 31 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-11<br>അനുബന്ധം-1 |


## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28-03-2017 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06-02-2018ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25-04-2018 | തിരിച്ചയച്ചില്ല | ഇല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 13-06-2018 &<br>14-06-2018 | റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (രൂപ) | 2,36,46,180 |
| വരവ് (രൂപ) | 8,59,41,761 |

| | |
|---|---|
| ആകെ<br>(രൂപ) | 10,95,87,941 |
| ചെലവ്<br>(രൂപ) | 9,64,65,987 |
| നീക്കിബാക്കി<br>(രൂപ) | 1,31,21,954 |

## 1-5 ഫണ്ട് വിനിയോഗം

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,27,87,000 | 2,27,87,000 | 2,06,39,098 | 21,47,902 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 79,79,125 | 79,79,125 | 79,37,420 | 41,705 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 14,994 | 14,994 | 0 | 14,994 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 67,17,000 | 67,17,000 | 65,09,942 | 2,07,058 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 50,00,000 | 50,00,000 | 46,90,000 | 310,000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,07,02,155 | 1,07,02,155 | 10,665,458 | 36,697 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 42,07,198 | 42,07,198 | 42,07,192 | 6 |
| സാക്ഷരത | | 6,004 | 0 | 6,004 | 6,004 | 0 |
| ദുരിതാശ്വാസനിധി | | 6,033 | 5,647 | 11,680 | 7,500 | 4,180 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 377,33,000 | 377,33,000 | 377,33,000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26,126 | 19,78,475 | 20,04,601 | 19,94,628 | 9,973 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 8,12,520 | 11,12,430 | 19,24,950 | 18,99,950 | 25,000 |
| | ICDS | 1,500 | 16,49,803 | 16,51,303 | 5,04,634 | 1,14,669 |
| സംസ്ഥാനാവിഷ്കൃത | | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5,59,715 | 34,0250 | 8,99,965 | 8,99,965 | 0 |
| | ജില്ലാ പഞ്ചായത്ത് | 1,41,000 | 20,50,250 | 21,91,250 | 20,80,676 | 1,10,574 |
| ബി ഫണ്ട് | | 0 | 5,95,200 | 5,95,200 | 5,95,200 | 0 |
| ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് | | 1,52,75,027 | 1,29,96,000 | 2,82,71,027 | 2,77,12,102 | 5,58,925 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 59,81,483 | 58,40,635 | 1,18,22,118 | 18,66,063 | 99,56,055(തനത് ഫണ്ട് അക്കൗണ്ടുകളുടെ ആകെ തുകയിൽ നിന്നും ദുരിതാശ്വാസനിധി കേന്ദ്രവിഷ്കൃത ഫണ്ടുകൾ എന്നിവ കിഴിച്ചുള്ള തുക) |
| മറ്റിനം | | | | | | |

## 1-6 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 8,83,04,375 | 191 | 6,82,07,288 | 0 | 40 | 83% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 26,126 | 19,78,475 | 20,04,601 | 19,94,628 | 9,973 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,77,33,000 | 3,77,33,000 | 3,77,33,000 | 0 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175200 | 320 |
| കർഷകതൊഴിലാളി പെൻഷൻ | 7246200 | 594 |
| വിധവാപെൻഷൻ | 20546000 | 1735 |
| വാർദ്ധക്യ കാലപെൻഷൻ | 41363100 | 2126 |
| വികലാംഗ പെൻഷൻ | 5882300 | 515 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 326100 | 39 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-07-2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11961/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

തൻവർഷത്തെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ആഭ്യന്തര ഓഡിറ്റ് കാലികമാക്കി നടത്തി രേഖകൾ ഓഡിറ്റിന് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രത്യേക ഗ്രാമസഭകൾ കൂടി തയ്യാറാക്കിയ കരട് നിർദ്ദേശങ്ങൾ വികസന സെമിനാറിൽ മേഖലാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് കരട് പദ്ധതി രേഖ തയ്യാറാക്കുകയും ആയതിനനുസരിച്ച് ഓഡിറ്റ് വർഷം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

വാർഷികധനകാര്യപത്രിക കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി. വിവിധ നികുതി-നികുതിയേതര വരവിനങ്ങളുടെ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകൾകൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് കേന്ദ്രീകൃതമായി കുറ്റമറ്റ പ്രവർത്തനരീതി ഇനിയും ആർജിക്കാനുണ്ട് എന്നു വിലയിരുത്തുന്നു. ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് എല്ലാത്തിനും മറുപടി നൽകുന്നതിന് പോലും കഴിഞ്ഞില്ല എന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-05-2018 മുതൽ 19-05-2018 വരെ | 04/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-04-2017 മുതൽ 02-05-2017 വരെ | 2012-13 മുതൽ 2016-17 വരെ | 16-06-2017 |

## 1-12 വാർഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ

ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ ബാക്കി നിൽക്കുന്നു.

1) റീ- കൺസിലിയേഷനിലുള്ള അപാകതകൾ

a)MGNREGS-ൻറെ ബാങ്ക്/പാസ്സ് ബുക്കുകളുടെ പൊരുത്തപ്പെടുത്തൽ പത്രികയിൽ 1226/- രൂപ cheque deposited but not collected എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ ടി തുകയ്ക്ക് cheque deposit ചെയ്തിട്ടില്ല.

b)ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ (450250110) 31.03.2018-ൽ കാഷ് ചെയ്ത 85501/- രൂപയുടെ ചെക്കും 20.04.2018-ൽകാഷ് ചെയ്ത 75501/-രൂപയുടെ ചെക്കും ഉൾപ്പെടെ ആകെ 161002/- രൂപ (വൗച്ചർ നം. 21701237/20.03.18) uncashed amountആയി ഉൾപ്പെടുത്തിയിരിക്കുന്നു.

c)ഇന്ത്യൻ ബാങ്ക് own fund ൽ 18050/- രൂപ ചെക്ക് നം. 887734/-31.03.18-ൽ cashചെയ്തിട്ടുണ്ടെങ്കിലും uncashedആയി ഉൾപ്പെടുത്തിയിരുക്കുന്നു.

2)കാലാവധി കഴിഞ്ഞ ചെക്കുകൾ state cheques ആയി ഉൾപ്പെടുത്തിയിട്ടില്ല.

3)2017-18 സാമ്പത്തിക വർഷത്തിൽ തനത്ഫണ്ടിൽ നിന്നും MGNREGS ന് വേണ്ടി ചെലവഴിച്ച 602500/- രൂപ Advance to othersഎന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ചത് MGNREGSൽ നിന്നും recoup ചെയ്തപ്പോൾ 215300811 -Total Poverty allevation- Expense-ൽ ഉൾപ്പെടുത്തിയിട്ടില്ല.

4)24.01.2018 ലെ ചെക്ക് നം. 9296957 പ്രകാരം 365096/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്ക് തുല്യമായ തുക 460500204-ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

5) വസ്തു നികുതി, കളക്ഷൻ തുക , സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6)140200101 – Penalities and fines എന്ന ശീർഷകത്തിൽ R&P statement പ്രകാരം 113198/-രൂപയും I & E statement പ്രകാരം 120251/-രൂപയും ആണ് വരവ്. പ്രസ്തുത ശീർഷകത്തിൽ തുകകളിൽ വ്യത്യാസം വന്നിരിക്കുന്നു.

7) 03.11.2017-ൽ ബ്ലോക്ക് പഞ്ചായത്ത്-ൽ നിന്നും പാൽ സബ്സിഡിയിനത്തിൽ 5,00,000/-രൂപ വരവുണ്ട്. ടി തുക 08.11.2017-ലെ ചെക്ക് നം. 1284844 പ്രകാരം ചെലവഴിച്ചു. എന്നാൽ 320700204 ശീർഷകത്തിൽ 340250/- രൂപ മാത്രമാണ് വരവും ചെലവും രേഖപ്പെടുത്തിരിക്കുന്നത്.

8)ലൈബ്രറി സെസ്സ്- Govt & other dues library cess Payable എന്ന ശീർഷകത്തിൽ (350300104) 223059.65/- രൂപ മുന്നിരിപ്പും 196600/- രൂപ തൻവർഷം വരവും ഉൾപ്പെടെ ആകെ 419659.65/- രൂപ അടവാക്കാനുണ്ടെങ്കിലും 180536.65/- രൂപ മാത്രമാണ്. ബാധ്യതയായി ഉൾപ്പെയുത്തിയിരിക്കുന്നത് 239123/- രൂപ ചെലവഴിച്ചത് R & P- Statement-ൽ ഉൾപ്പെടുത്തിയിട്ടില്ല.

9)വില്ലേജ് എസ്റ്റേൻക്ഷൻ ഓഫീസറുടെ ലോൺ അക്കൗണ്ടിൽ ബാക്കി നിന്ന 40700/- രൂപ ഇ.എം.എസ് ലോൺ അക്കൗണ്ടിൽ ഒടുക്കാൻ ബാക്കി നിന്ന തുകയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല ടി. തുക ബാധ്യതയായി 2017-2018ലും കാണിച്ചിരിക്കുന്നു.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ 2-3 ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ കാട്ടാമ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാടക ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | റൂം നമ്പർ 3 | ബൈജു,<br>ബിനോജ് ഭവൻ | 534 | 534x3<br>=1602 |
| 2 | റൂം നമ്പർ 6 | മനോജ്,<br>മനോജ് ഭവൻ | 735 | 735x8<br>=5880 |
| | | ആകെ | | 7482 |

മേൽ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/9.7.18) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകക്കുടിശ്ശിക 7482 രൂപ വാടകക്കാരിൽനിന്നും പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

### 2-2 തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ

വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I, II |
| 2 | ചുണ്ട ക്ഷീരോത്പാദക സഹകരണസംഘം | II |
| 3 | കോട്ടുക്കൽ ക്ഷീരോത്പാദക സഹകരണസംഘം | II |
| 4 | ഇൻഫന്റ് ജീസസ് സ്കൂൾ മണ്ണൂർ | I, II |

കൂടാതെ ചുണ്ട ക്ഷീരോത്പാദക സഹകരണസംഘം, കോട്ടുക്കൽ ക്ഷീരോത്പാദക സഹകരണസംഘം, ശ്രീലക്ഷ്മി കാഷ്യൂസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ 9.7.18 തീയതിയിൽ നൽകിയ 6ാംനമ്പർ എൻക്വയറിയ്ക്ക് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിലേക്കും അനുബന്ധ സ്ഥാപന ങ്ങളിലേക്കും ആവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിലേക്കാവശ്യമായ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല

2017-2018 സാമ്പത്തിക വർഷം വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ഫർണ്ണീച്ചർ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | | നിർവ്വഹണ ഉദ്യോഗസ്ഥർ |
|---|---|---|---|
| | നമ്പർ | പേര് | |
| 1 | എസ്.0033 /2018 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | വെറ്റിനറി സർജൻ |
| 2 | എസ്.0230 /2018 | ഇട്ടിവ പി. എച്ച്.സിയ്ക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) |

| | | | |
|---|---|---|---|
| 3 | എസ്.231 /2018 | ഐ.സി.ഡി.എസ്, വി.ഇ.ഒ ഓഫീസുകൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| 4 | എസ്.0186 /2018 | കൃഷിഭവന് പ്രിന്റർ, യു.പി.എസ്സ് | കൃഷി ഓഫീസർ |
| 5 | എസ്.0048 /2018 | സ്കൂളുകൾക്ക് ഫർണ്ണീച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | പ്രധാന അധ്യാപിക |
| | എസ്.0100 /2018 | ആയുർവേദ ആശുപത്രിക്ക് ഫർണ്ണീച്ചർവാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | എസ്.0048 /2018 | അംഗൻവാടിക്ക് ഫർണ്ണീച്ചർ വാങ്ങൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | എസ്.0221 /2018 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |

ഒരേ ഇനങ്ങൾക്ക് വാങ്ങിയ മേൽ പദ്ധതികൾക്ക് വിവധ നിർവ്വഹണ ഉദ്യാഗസ്ഥർ പ്രത്യേകം ക്വട്ടേഷൻ, ടെണ്ടർ ക്ഷണിക്കുകയും വിവിധ ഏജൻസികളിൽ നിന്ന് ഒരേ സ്പെസിഫിക്കഷനോട്ടുകൂടിയ ഇനങ്ങൾ വ്യത്യസ്ഥ നിരക്കിൽ വാങ്ങിയിരിക്കുന്നു. വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ക്വട്ടേഷൻ, ടെണ്ടർ നടപടികളിൽ നിരക്കുകൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 08.11.2010 ലെ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ ഖണ്ഡിക 2-പ്രകാരം സ്ഥാപനത്തിലേക്ക് വാങ്ങേണ്ടിവരുന്ന സാധനത്തിന്റെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തി, ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ രൂപീകരിച്ച് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുകയും വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തുകയുമാണ് വേണ്ടത്. ഓഫീസ് ഉപകരണം ഫർണ്ണീച്ചർ എന്നിവ ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതുമാണ്.

## 3-2 വളർത്തു മൃഗങ്ങൾക്കുള്ള ഇൻഷ്വറൻസ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് പ്രകാരം വിതരണം നടത്തിയ വളർത്ത് മൃഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിൻെറ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതി |
|---|---|---|
| 1 | 173/2018 | പട്ടികജാതി വനികൾക്ക് ആട് വളർത്തൽ |

| | | |
|---|---|---|
| 2 | 185/2018 | പോത്ത് വളർത്തൽ<br>(വനിതാഘടക പദ്ധതി) |

മേൽ പദ്ധതികളുടെ ഓഡിറ്റിൽ ആട് വളർത്തൽ പദ്ധതി പ്രകാരം വാങ്ങി നൽകിയ 04 ആടുകൾക്കും പോത്ത് വളർത്തൽ പദ്ധതി പ്രകാരം വാങ്ങി നൽകിയ 14 പോത്ത് കുട്ടികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് രാജ് സംബ്സിഡിയും അനുബന്ധരേഖകളും സംബന്ധിച്ച 03.04.2017 ലെ (എം എസ്) നമ്പർ 80/2017 തസ്വഭവ മാർഗ്ഗ രേഖ പ്രകാരം വളർത്തു മൃഗങ്ങൾ വില കണക്കാക്കുമ്പോൾ വാങ്ങുന്നതിനും ഇൻഷ്വറൻസ് ഉൾപ്പെടുത്താൻ പാടില്ലാത്തതും അവ ഗുണഭോക്താക്കൾ വഹിക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 12/09.07.2018)നൽകിയ മറുപടിയിൽ ഇൻഷ്വറൻസ് അപേക്ഷ നൽകി തുക അടവാക്കിയിട്ടുണ്ട് എന്നുമാണ് പറഞ്ഞിട്ടുള്ളത്.

മൃഗസംരക്ഷണവും, ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് 2017-2018 സാമ്പത്തിക വർഷം 16.05.2018ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതി നിർവ്വഹണ വേളയിൽ മോണിട്ടറിംഗ് നടത്തണമെന്നുമുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഡി.എ) 09.01.2017ലെ ജി.ഒ (എം.എസ്) നമ്പർ 10/2017 തസ്വഭവ ഉത്തരവ് അനുബന്ധം 2-4(15) പ്രകാരമുള്ള നിർദേശം പാലിച്ചിട്ടില്ല.

വളർത്തു മൃഗങ്ങളെ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തുകയും ചെയ്യേണ്ടതാണ്.

## 3-3 കോട്ടക്കൽ വനിതാ തൊഴിൽശാലകെട്ടിടം പുനരുദ്ധാരണം-രേഖകളുടെ അഭാവത്തിൽ 194180 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം.എസ്.ഒ-212/2017

അടങ്കൽ തുക-200000 രൂപ (വികസനഫണ്ട്)

എം.ബുക്ക് നം

.74/2016-17

കൺവീനർ-തോമസ്.റ്റി

ചെയർമാൻ-ബി.മുരളീധരൻപിള്ള

എഗ്രിമെന്റ് നം-95/AE/LSGD/IVA/16-17/25.3.17

ബിൽ നം.11/17-18/30.6.2017

ടി വർക്കിന്റെ ആകെ പ്രവർത്തിമൂല്യം 1,94,180/- രൂപ കാണക്കാക്കി .5% വാറ്റ് ,ആദായനികുതി 2%, വെൽഫയർ ഫണ്ട് 1% എന്നിങ്ങനെ കുറവ് ചെയ്ത് 178645 രൂപ മേൽബില്ല് പ്രകാരം മാറി കൺവീനർ ശ്രീ.തോമസിന്റെ ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നം.6516256411 ലേക്ക് ട്രാൻസ്ഫർ ചെയ്തുകൊടുത്തിട്ടുണ്ട്.വർക്ക് ഫയൽ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

1.വിശദമായ എസ്റ്റിമേറ്റ്

2.ഗുണഭോക്തൃസമിതി മിനിറ്റ്സ്

3.നിർവ്വഹണവുമായി ബന്ധപ്പെട്ട മെറ്റീരിയൽസ് വാങ്ങിയതിന്റെ രേഖകൾ

4.തൊഴിലാളികളുടെ മസ്റ്റർ റോൾ

ടി രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (8/2017-18/9.7.18) ലഭ്യമാക്കിയ മറുപടിയിൽ ടി വർക്ക് നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനീയർ മേൽപ്പറഞ്ഞ രേഖകൾ ഫയലിൽ നിന്നും വേർപെടുത്തി സൂക്ഷിച്ചിരിക്കയാണെന്നും ആയവ പരിശോധനയ്ക്കായി ഉടൻ ഹാജരാക്കിക്കൊള്ളാമെന്നും മറുപടി ലഭ്യമാക്കി.മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ടി വർക്കിനുവേണ്ടി ചെലവഴിച്ച 194180 രൂപ തടസ്സത്തിൽ വയ്ക്കുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം -നടപ്പാക്കിയതിൽ അപാകതകൾ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം (പ്രോജക്റ്റ് നം.144/17-18) എന്ന പ്രോജക്ടിനായി 975000 രൂപ (935000(വികസനഫണ്ട്)- ബിൽ നം. 5/17-18/28.2.2018, 40000(തനതുഫണ്ട്)- ചെക്ക് നം. 1959601/28.2.2018) ചെലവഴിച്ചു.

സ്കൂട്ടർ 13 എണ്ണം 75000 രൂപ നിരക്കിൽ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ വാങ്ങിയ സ്കൂട്ടറുകളിൽ 2 എണ്ണം കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.. കൂടാതെ, മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട മഞ്ജു, ഇബ്രാഹിംകുട്ടി , മീന എന്നീ 3 ഗുണഭോക്താക്കൾ വാഹനം ഓടിക്കാൻ പ്രാപ്തരല്ലെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്കൂട്ടർ വിതരണം ചെയ്യാൻ ശേഷിക്കുന്നത് സംബന്ധിച്ചും അർഹരല്ലാത്തവർക്ക് വാഹനം നൽകിയോടൊപ്പം സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.1/7.7.18) ലഭിച്ച മറുപടിയോടൊപ്പം ഇബ്രാഹിംകുട്ടി എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയിട്ടുണ്ട്. മറ്റ് രണ്ടുപേരും വാഹനം ഓടിക്കാത്തതിനാൽ അവരുടെ ഉപജീവനമാർഗ്ഗങ്ങൾക്കായി കുടുംബാംഗങ്ങളുടെ സഹായത്തോടെ വാഹനം ഓടിക്കുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന സ്കൂട്ടറുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾക്കു വിരുദ്ധമായ നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആയതിനാൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന സ്കൂട്ടറുകളുടെ വിലയായ 1,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ആശുപത്രികൾക്ക് മരുന്നു വാങ്ങൽ -തുക നൽകി-മരുന്നു ലഭ്യമായിട്ടില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള ആശുപത്രികൾക്ക് മരുന്നു വാങ്ങലിനായി വിവിധ ഏജൻസികളിലേക്ക് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ ബിൽനം./ തീയതി/ ഡി.ഡി.നം | ലഭിച്ച മരുന്ന് രൂപ | ലഭിക്കാനുള്ളത് രൂപ | തുക നൽകിയത് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| ഗവ. ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 550000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 550000/ 1/17-18 /31.10.17 | 454713 | 95287 | മാനേജിംഗ് ഡയറക്ടർ, ഔഷധി | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 150000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 150000 1/17-18 /28.9.17 | - | 150000 | മാനേജിംഗ് ഡയറക്ടർ, ഹോംകോ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | | | | 245287 | | |

മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്

## 3-6 മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ കാമ്പയിനുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ വിഹിതമായ 109200 രൂപ ചെക്ക് നം.668439/22.6.17 പ്രകാരവും തനതുഫണ്ട് 27195 രൂപ ചെക്ക്

നം.833545/1.12.2017 പ്രകാരവും മെഡിക്കൽ ഓഫീസർ,പി.എച്ച്.സി യ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 6495രൂപ വീതം 21 വാർഡുകളിലേക്കാണ് തുക അനുവദിച്ചത്. എന്നാൽ, ഇതു സംബന്ധമായ വൗച്ചറുകൾ, ബില്ലുകൾ, എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/10.7.2018)മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭിച്ച തുക ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ച എന്നതു സംബന്ധിച്ച് യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 136395 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-7 ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

ഇട്ടിവ പി.എച്ച്.സി.ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം.S0234/18) എന്ന പ്രോജക്ടിനായി 99000 രൂപ തനതുഫണ്ട് വകയിരുത്തിയതിൽ 98728 രൂപ ചെക്ക് നം.9775400/28.2.2018 പ്രകാരം ചെലവഴിച്ചു.

പി.എച്ച്.സി. യിൽ മെച്ചപ്പെട്ട ലാബ് സൌകര്യം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ സാമഗ്രികൾ മരുന്നുകൾ എന്നിവ വാങ്ങുന്നതിനുമായി KMSCL എന്ന സ്ഥാപനത്തിന് 81589 രൂപയും ഭാരത് സയന്റിഫിക്ക് സപ്ലൈസ് എന്ന സ്ഥാപനത്തിന് 17139 രൂപയും നൽകിയിട്ടുണ്ട്.എന്നാൽ, KMSCL-ൽ നിന്നും നാളിതുവരെ ലാബുപകരണങ്ങൾ ലഭ്യമായിട്ടില്ല.

ഭാരത് സയന്റിഫിക്ക് സപ്ലൈസ് എന്ന സ്ഥാപനത്തിൽ നിന്നും 17139 രൂപയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്.എന്നാൽ, ക്വട്ടേഷൻ ക്ഷണിക്കാതെയാണ് മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയത്. അപാകതകൾക്ക് കാരണം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്(നം. 5/9.7.18)മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ലാബുപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ലാബുപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 81589 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതിനു വിശദീകരണം നൽകുകയും, ഈ ഇടപാടിൽ സ്ഥാപനത്തിനു നഷ്ടമുണ്ടാകുന്നില്ല എന്ന ഉറപ്പ് വരുകയും ചെയ്തെങ്കിൽ മാത്രമേ തടസ്സം ഒഴിവാകുകയുള്ളൂ. ഈ തുക നഷ്ടമാക്കുന്ന സാഹചര്യമുണ്ടായാൽ അത് ഉത്തരവാദികളായാവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-8 ഉപകരണങ്ങൾ വാങ്ങൽ-ക്വോട്ടു ചെയ്ത നിരക്കിലും അധികം നൽകി.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഇട്ടിവ പി.എച്ച് .സിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി 100000 രൂപ വകയിരുത്തിയതിൽ 93195 രൂപ ബിൽ നം.8/17-18/31.3.18 പ്രകാരം ചെലവഴിച്ചു.

ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ഹൈപ്പർടെക്ക് സിസ്റ്റംസ് എന്നസ്ഥാപനത്തിന്റെ ടെണ്ടർഅഗീകരിച്ചു.Printer Canon MF 244 DW എന്ന ഇനത്തിന് സ്ഥാപനം ക്വോട്ടു ചെയ്ത നിരക്ക് 15800 രൂപ നികുതി ഉൾപ്പെടെയാണ്.എന്നാൽ ബിൽ തുകയായ 20794 രൂപ (17622+1585.98(CGST)+1585.98(SGST))സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.ക്വോട്ടു ചെയ്ത നിരക്കിലും അധികം നൽകിയതിന് വിശദീകരണം നൽകുന്നതിനായി എൻക്വയറി (നം.2/7.7.18)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി ചെലവഴിച്ച തുകയായ 4994 രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ ആദ്യ മറുപടിയോടൊപ്പം അയക്കേണ്ടതാണ്.

## 3-9 പദ്ധതി ആസൂത്രണവും മോണിറ്ററിംഗും - വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 09.01.2017ലെ ജി.ഒ(എം.എസ്) നമ്പർ.10/2017 ത.സ്വഭവ വ ഉത്തരവു പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-2018വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിലേക്കായി ഇട്ടിവ ഗ്രാമ പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായും ഗ്രാമസഭാ യോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിൽ ചർച്ചകളിൽ നേതൃത്വം നൽകുക, കൈമാറിക്കിട്ട്യ സ്ഥാപനങ്ങളിൽ നിന്ന് വിവരശേഖരണം നടത്തി അവസ്ഥാ വശകലനം നടത്തി ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിച്ച് അത് അവലംബമാക്കി അവസ്ഥാ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട് ) തയ്യാറാക്കുക. 2030ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നും അടുത്ത അഞ്ച് വർഷംകൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൂടുതൽ കൃത്യതയോടെ നിർവ്വചിക്കുക എന്നതും വ്യക്തമാക്കിക്കൊണ്ട് പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടുയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | യോഗം ചേർന്ന തീയതികൾ | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 16.05.2017 | 08 |
| 2 | കൃഷി | മിനിട്ട്സ് ബുക്ക് ഹാജരാക്കിയില്ല | - |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 16.05.2018 | 16 |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 16.05.2018 | 15 |
| 5 | ദാരിദ്ര്യ ലഘൂകരണം | 16.05.2018 | 13 |
| 6 | സാമൂഹ്യനീതി | 16.05.2018 | 13 |
| | | 12.02.2018 | 15 |
| 7 | വനിതാ വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 17 |
| 8 | പട്ടികജാതി വികസനം | 16.05.2018 | 08 |
| | | 12.02.2018 | 06 |
| 9 | ആരോഗ്യം | 17.05.2017 | 20 |
| | | തീയതി രേഖപ്പെടുത്തിയിട്ടില്ല | 26 |
| 10 | കുടിവെള്ളം, ശുചിത്വം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 13 |
| | | തീയതി രേഖപ്പെടുത്തിയിട്ടില്ല | 08 |

| | | | |
|---|---|---|---|
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 10 |
| | | തീയതി രേഖപ്പെടുത്തിയിട്ടില്ല | 22 |
| 12 | പൊതുമരാമത്ത് | 02.06.2018 | 27 |
| | | 02.07.2018 | 35 |

1. പദ്ധതി രൂപീകരണ കർമ്മ സമിതി യോഗം 2017-2018 വികസന സെമിനാർ 15.05.2017ൽ നടത്തുകയുണ്ടായി. അതിൽ 176 അംഗങ്ങൾ പങ്കെടുത്തുവെങ്കിലും യോഗത്തിന്റെ മിനിട്സ് എഴുതിയിട്ടില്ല.
2. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 09.01.2017ലെ ജി.ഒ(എം.എസ്) നമ്പർ.10/2017 ത.സ്വഭവ വ ഉത്തരവ് അനുബന്ധം 2-4 (15) പ്രകാരം പദ്ധതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ പദ്ധതി രൂപീകരണത്തിനായി കേവലം ഒരു യോഗം കൂടിയതൊഴിച്ചാൽ യാതൊരു മോണിട്ടറിംഗും നടത്തിയതായി മുകളിൽ സൂചിപ്പിച്ച വിശദാംശങ്ങളിൽ നിന്നും മനസ്സിലാകുന്നതാണ്.
3. കർമ്മ സമിതി യോഗങ്ങളിൽ അജണ്ട എഴുതി തയ്യാറാക്കിയിട്ടില്ല. യോഗം ചേർന്ന തീയതികൾ ആരോഗ്യം,കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യ കമ്മിറ്റികൾ എഴുതി സൂക്ഷിച്ചിട്ടില്ല.
4. സർക്കാർ ഉത്തരവു പ്രകാരം യോഗം കൂടിയതൊഴിച്ചാൽ മറ്റു കാര്യക്ഷമമായ ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉണ്ടായിട്ടില്ല.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 09.01.2017ലെ ജി.ഒ(എം.എസ്) നമ്പർ.10/2017 ത.സ്വഭവ വ ഉത്തരവ് അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും കമ്മിറ്റി മീറ്റിംഗിന്റെ മിനിട്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക രൂപ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 191250 | സമഗ്ര നെൽകൃഷി വകസനം | 191250 | 0 |
| | | 198000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 198000 | 0 |
| | | 141000 | ബഡ്സ് സ്കൂൾ സമഗ്ര പരിപാടി | 30545 | 110455 |

| | | | | | |
|---|---|---|---|---|---|
| | | 500000 | അങ്കണവാടി പോഷകാഹാര പദ്ധതി | 399881 | 100119 |
| | | 141000 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 141000 | 0 |
| | | 200000 | ക്ഷീരകർക്ക് പാൽ സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 500000 | ക്ഷീരകർക്ക് പാൽ സബ്സിഡി | 500000 | 0 |
| | | 55701 | വയ്യാനം-പാറവിള | 38276 | 17425 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അങ്കണവാടി കൾക്ക് കുഴൽ കിണർ നിർമ്മാണം | 21701273 | 1163197 | 1163197 | 0 |
| കേരള വാട്ടർ അതോറിട്ടി | തോട്ടം മുക്ക് പൈവിള വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 21701147 | 60000 | 60000 | 0 |
| കേരള വാട്ടർ അതോറിട്ടി | കോളനികളിൽ വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 21700947 | 2300000 | 2300000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക രൂപ | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക രൂപ | തിരിച്ചടച്ച തുക രൂപ | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക രൂപ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സർക്കാർ ഉത്തരവ് നം-522/2010 /17-02-2010 | 17500000 | 3728650 | 1967250 | - | 1761400 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1 | 150 | കുഞ്ഞുകൃഷ്ണ പിള്ള | 117080100603/26-05-17 |
| 2015-16 | 2-1 | 150 | ശ്രീകുമാരി | 11708010639/31-05-17 |
| 2015-16 | 2-1 | 384 | രഞ്ജുഷ.പി.ആർ | 117080101419/14-07-17 |
| 1997-98 | 21-ബി | 4 | വനരാജൻ, സെക്രട്ടറി | 117080103688/07-02-18 |
| 2008-09 | 2-3 | 50 | സെക്രട്ടറി ഇട്ടിവ ഗ്രാമപഞ്ചായത്ത് | 117080101419/14-08-17 /14-08-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 3-7 | 2000-01 | 4-6 | ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് വയറിംഗ് -കരാറുകാരന് നൽകിയ മുൻകൂർ തുക നിരാകരിക്കുന്നു | ലഭ്യമല്ല |
| 1999-00<br>2000-01<br>2001-02 | 3-9 | 2007-08 | 3-9.1 | പുത്തൻകടവ് മണൽ ലേലം | നടപടി തുടരുന്നു |
| 2012-13 | 3-22 | 2012-13 | 2-4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം | ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2008-2009 | 3-4 | നസറുദ്ദീൻ | LF1937 /spl.cell /csc/$b_2$/ 13/10/03.15 | 10637 | | | | | | 10637 | തുക ഒടുക്ക് വരുത്തിയിട്ടില്ല |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2009-10 & 2010-11 | 3.4 | ആർ.രാധ കൃഷ്ണ പിള്ള | LF3807/ splcell/ csc/b2 /14/ 31/03.16 | 140000/- | | | | | | 140000/- | തുക ഒടുക്ക് വരുത്തി യിട്ടില്ല |

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ<br>ആകെ വരവ് | 8,59,41,761 |
| ഓഡിറ്റ് വർഷത്തെ<br>ആകെ ചെലവ് | 9,64,65,987 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ<br>തുക | 5,62,164 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-8 | 4994 | ഡോ.അൻവർ<br>മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,94,180 | ശ്രീമതി. അനുപമ<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-4 | 1,50,000 | ഡോ.അൻവർ<br>മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 3-6 | 1,36,395 | ഡോ. അൻവർ<br>മെഡിക്കൽ ഓഫീസർ |
| 3-7 | 81,589 | ഡോ.അൻവർ<br>മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യാഗസ്ഥൻ | ഇപ്പാഴത്തെ ഔദ്യാഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1 | 3-10 | ഡോ. അൻവർ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഇട്ടിവ | ശ്രുതി, ഇടിച്ചക്കപ്ലാംമൂട്, പാറശ്ശാല, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(1)/02-03-2018 |
| 1998-99 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(2)/02-03-2018 |
| 1999-00, 2000-01, 2001-02 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(3)/02-03-2018 |
| 2002-03 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(4)/02-03-2018 |
| 2003-04 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(5)/02-03-2018 |
| 2004-05 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(6)/02-03-2018 |
| 2005-06 | കെ.എസ്.എ./കെ.എൽ.എം-പി-3 427/08(7)/02-03-2018 |

| | |
|---|---|
| 2006-07 | എൽ.എഫ്.ക്യൂ.പി-4/661/2010/<br>29-12-2011 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/662/2010/<br>28-12-2011 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1405/2012/<br>22-12-2011 |
| 2009-10&<br>2010-11 | എൽ.എഫ്.ക്യൂ.പി-4/1358/2012/<br>13-08-2013 |
| 2011-12 | എൽ.എഫ്.ക്യൂ.പി-4/539/2014/<br>05-05-2014 |
| 2012-13&<br>2013-14 | എൽ.എഫ്.ക്യൂ.പി-4/1447/2015/<br>16-09-2015 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-.പി-4/991/2016/<br>09-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-4/335/2017/<br>15-02-2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-3/1121/2017/07-07-2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-11അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.എൽ.എം.-പി3-1390/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി-12/9/18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.